REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 18-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് പുരോഗമിക്കുന്നു.**
- **ദേശീയ പെൻഷൻപദ്ധതിയിൽ കുട്ടികൾക്കായി നിക്ഷേപം സാധ്യമാക്കുന്ന പുതിയ പെൻഷൻ പദ്ധതി 'വാത്സല്യ', ധനമന്ത്രി സീതാരാമൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.**
- **ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അടക്കം ഗവണ്മെന്റ് വേട്ടക്കാർക്കൊപ്പമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിൽ വൈകിട്ട് പുലിക്കളി.**
- **പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ഫൈനൽ വൈകിട്ട് തിരുവനന്തപുരത്ത്.**

## വാർത്തകൾ വിശദമായി

ജമ്മു-കശ്മീർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് പുരോഗമിക്കുന്നു. രാവിലെ 11വരെ 26.72 ശതമാനമാണ് പോളിംഗ്. കശ്മീർഡിവിഷനിലെ അനന്ത്നാഗ്, പുൽവാമ, ഷോപിയാൻ, കുൽഗാം, ജമ്മു ഡിവിഷനിലെ ദോഡ, റംബാൻ, കിഷ്ത്വാർ ജില്ലകളിലെ 24 നിയമസഭാ മണ്ഡലങ്ങളിലേക്കാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. രണ്ടാം ഘട്ടത്തിൽ ഈ മാസം 25നും, മൂന്നാം ഘട്ടത്തിൽ അടുത്തമാസം ഒന്നിനും വോട്ടെടുപ്പ് നടക്കും.

2019 ൽ ഭരണഘടനയുടെ 370-ാം വകുപ്പ് പിൻവലിച്ച ശേഷം നടക്കുന്ന ആദ്യ നിയമസഭാ തിരഞ്ഞെടുപ്പാണിത്. പത്തു വർഷം മുമ്പാണ് ജമ്മുകശ്മീരിൽ ഇതിനു മുമ്പ് നിയമസഭാ തിരഞ്ഞെടുപ്പ് നടന്നത്. വോട്ടെണ്ണൽ അടുത്തമാസം 8 നാണ്.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു മൂന്ന് സംസ്ഥാനങ്ങളിലെ സന്ദർശനം ഇന്ന് ആരംഭിക്കും. രാജസ്ഥാൻ, മധ്യപ്രദേശ്, ജാർഖണ്ഡ് സന്ദർശനത്തിന്റെ ആദ്യ ദിവസമായ ഇന്ന് ജയ്പൂരിലെത്തുന്ന രാഷ്ട്രപതി മാളവ്യ NIT യുടെ ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ മധ്യപ്രദേശിലേക്ക് പോകുന്ന ദ്രൗപതി മുർമു സഫായ്മിത്ര സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഇൻഡോർ- ഉജ്ജ്വയിൻ ആറുവരി റോഡ് പദ്ധതിക്ക് അവർ തറക്കല്ലിടും. വെള്ളിയാഴ്ച റാഞ്ചിയിൽ ICAR കാർഷിക കേന്ദ്രത്തിന്റെ ശതാബ്ദി ആഘോഷ ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനം ഈ മാസം 21 ന് ആരംഭിക്കും. ശനിയാഴ്ച വിൽമിംഗ്ടണിൽ നാലാമത് ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. 23-ന് ന്യൂയോർക്കിൽ ഐക്യരാഷ്ട്ര പൊതുസഭ സംഘടിപ്പിക്കുന്ന 'ഭാവിയുടെ ഉച്ചകോടി' യിൽ നരേന്ദ്രമോദി അംഗരാജ്യങ്ങളെ അഭിസംബോധന ചെയ്യും. 'നല്ല നാളേയ്ക്കായി ബഹുമുഖ പരിഹാരമാർഗങ്ങൾ' എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. ഉച്ചകോടിയ്ക്കിടെ പ്രമുഖ ലോക നേതാക്കളുമായി പ്രധാനമന്ത്രി ഉഭയകക്ഷി വിഷയങ്ങളും, മറ്റു സുപ്രധാന വിഷയങ്ങളും ചർച്ച ചെയ്യും.

✪✪✪

ദേശീയ പെൻഷൻപദ്ധതിയിൽ കുട്ടികൾക്കായി നിക്ഷേപം സാധ്യമാക്കുന്ന പുതിയ പെൻഷൻ പദ്ധതി 'വാത്സല്യ', ധനമന്ത്രി സീതാരാമൻ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. പെൻഷൻ വിഹിതത്തിൽ ഒരു പങ്ക് കുട്ടികൾക്കായി നിക്ഷേപിക്കാൻ പദ്ധതി വഴിയൊരുക്കും. കുട്ടികളുടെ ഭാവി ശോഭനമാക്കാനും വിരമിച്ചശേഷം മെച്ചപ്പെട്ട പെൻഷൻ ഫണ്ട് ലഭ്യമാക്കാനും വാത്സല്യ പ്രയോജനപ്പെടും.

2024 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതി, രാജ്യത്തെ തെരഞ്ഞെടുത്ത 75 സ്ഥലങ്ങളിലായിരിക്കും ആദ്യം നടപ്പാക്കുക. പിന്നീടത് രാജ്യവ്യാപകമാക്കുമെന്നും ധനമന്ത്രാലയം അറിയിച്ചു.

NPS 'വാത്സല്യ' സബ്സ്ക്രൈബുചെയ്യുന്നതിനും സ്കീം ബ്രോഷർ പ്രകാശനം ചെയ്യുന്നതിനും, പ്രായപൂർത്തിയാകാത്ത വരിക്കാർക്ക് PRAN കാർഡുകൾ വിതരണം ചെയ്യുന്നതിനുമായി ഓൺലൈൻ പ്ലാറ്റ്ഫോമിനും ധനമന്ത്രി തുടക്കമിടും.

✪✪✪

ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ആർമി സതേൺ കമാൻഡ് 'ഐക്യ'യുടെയും ദ്വിദിന ദേശീയ യോഗത്തിന് ഇന്ന് ചെന്നൈയിൽ തുടക്കമാകും. ദുരന്തനിവാരണ മുന്നൊരുക്കങ്ങൾ ശക്തമാക്കാൻ ലക്ഷ്യമിട്ടാണ് പരിപാടി. റെയിൽവേ, സിവിൽ ഏവിയേഷൻ, ആരോഗ്യ-പരിസ്ഥിതി വകുപ്പുകൾ, കാലാവസ്ഥാ വ്യതിയാന വകുപ്പുകൾ, സംസ്ഥാന - ദേശീയ ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ പ്രതിനിധികൾ പങ്കെടുക്കും.

✪✪✪

ഇന്ന് ലോക മുള ദിനം. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കുറയ്ക്കാൻ സഹായിക്കുന്ന പരിസ്ഥിതി സൗഹൃദ സസ്യമാണ് മുള. മുളയെക്കുറിച്ചും അതിന്റെ നിരവധി ഉപയോഗങ്ങളെക്കുറിച്ചും അവബോധം വളർത്തുന്നതിനായാണ് എല്ലാ വർഷവും സെപ്റ്റംബർ 18 ലോക മുള ദിനമായി ആചരിക്കുന്നത്.

✪✪✪

രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയിൽ 55 ദശലക്ഷം ടൺ മുളയുണ്ടെന്നും, ഇത് രാജ്യത്തെ മൊത്തം മുളയുടെ 66 ശതമാനമാണെന്നും കേന്ദ്രമന്ത്രി ഹർദീപ് സിങ് പുരി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച ദേശീയ മുള ദൗത്യം, കാർഷിക വരുമാനം വർദ്ധിപ്പിക്കുകയും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുകയും, ബയോ എത്തനോൾ ഉത്പാദനം പ്രോത്സാഹിപ്പിക്കുമെന്നും സാമൂഹ്യ മാധ്യമ പോസ്റ്റിൽ ഹർദീപ് സിങ് പുരി അറിയിച്ചു.

✪✪✪

കേന്ദ്രവാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം ഏക് പേഡ് മാ കേ നാം പ്രചാരണത്തിന്റെ ഭാഗമായി 7000 ത്തോളം മരത്തൈകൾ വെച്ചുപിടിപ്പിച്ചു. ഗ്രാമ-നഗര മേഖലയിലെ ഫീൽഡ് ഓഫീസുകളോട് അനുബന്ധിച്ചാണ് ഇവ നട്ടത്. ലോക പരിസ്ഥിതി ദിനത്തിൽ പ്രധാന മന്ത്രി നരേന്ദ്രമോദി പ്രചാരണത്തിന് തുടക്കം കുറിച്ചിരുന്നു. സ്വച്ഛതാ ഹി സേവ പക്ഷാചരണത്തിൽ

ഒക്ടോബർ ഒന്ന് വരെ മരത്തൈകൾ നട്ടുപിടിപ്പിക്കുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'ആഗോള നിക്ഷേപക യോഗത്തിന്റെ ഭാഗമായ റോഡ്ഷോ നാളെ ബംഗളൂരുവിൽ നടത്തും. കേരളത്തിന് പുറത്തെ രണ്ടാമത്തെ റോഡ്ഷോ ആണിത്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസിൽ ഒന്നാം സ്ഥാനവും, കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് അനുമതിയും ലഭിച്ച ശേഷം നടത്തുന്ന പരിപാടി സംസ്ഥാനത്തേക്ക് എത്തുന്ന നിക്ഷേപങ്ങളുടെ വേഗം വർധിപ്പിക്കുമെന്ന് മന്ത്രി P രാജീവ് പറഞ്ഞു.

✪✪✪

ഓണാഘോഷത്തിന് സമാപനം കുറിച്ച് തൃശൂരിൽ ഇന്ന് വൈകിട്ട് പുലികളി. ഏഴു സംഘങ്ങളാണ് ഇത്തവണ പുലികളിയിൽ പങ്കെടുക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാപ്രതിനിധി ഭരിതാ പ്രതാപ്.

.....(വോയ്സ്)...........

✪✪✪

'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' പദ്ധതിയുടെ സംസ്ഥാനതല പരിപാടി മന്ത്രി V. അബ്ദുറഹ്മാൻ കൽപ്പറ്റയിൽ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും, കേരള നോളജ് ഇക്കോണമി മിഷനും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

✪✪✪

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ അടക്കം ഗവണ്മെന്റ് ഇരകൾക്കൊപ്പമല്ല, വേട്ടക്കാർക്കൊപ്പമാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ കുറ്റപ്പെടുത്തി. ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഇരകളുടെ സ്വകാര്യത വെളിപ്പെടുത്താതെ സത്യസന്ധമായ അന്വേഷണം നടത്തി വിചാരണ നടപടികൾ പൂർത്തിയാക്കാൻ ഗവണ്മെന്റ് തയ്യാറാകണമെന്നും, നീണ്ട പോകുന്ന വിചാരണ നീതി നിഷേധിക്കുന്നതിന് തുല്യമാണെന്നും VD സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

ആറന്മുളയിൽ ഇന്ന് ആവേശ ജലപൂരം. രാവിലെ ജില്ലാ കലക്ടർ എസ്. പ്രേം കൃഷ്ണൻ പതാക ഉയർത്തിയതോടെ ഉത്രട്ടാതി ജലോത്സവത്തിന് തുടക്കം കുറിച്ചു. ജലോത്സവം ഉച്ചയ്ക്ക് ഒന്നരയ്ക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ

ഉദ്ഘാടനം ചെയ്യും. മത്സരവള്ളം കളി ഉദ്ഘാടനം, ഉച്ചകഴിഞ്ഞു മൂന്നിന് മന്ത്രി P A മുഹമ്മദ് റിയാസ് നിർവഹിക്കും.

ജില്ലയിൽ ഇന്ന് പ്രാദേശിക അവധിയാണ്. ഉച്ചയ്ക്ക് മൂന്നിന് പമ്പയാറ്റിൽ മത്സര വള്ളംകളി തുടങ്ങും. 52 പള്ളിയോടങ്ങൾ ജലോത്സവത്തിൽ പങ്കെടുക്കും. പരപ്പുഴ കടവുമുതൽ സത്രക്കടവുവരെയാണ് മത്സരവള്ളംകളി. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ ഫിനിഷ് ചെയ്യുന്ന നാലു വള്ളങ്ങളെ ഫൈനലിലേക്ക് തിരഞ്ഞെടുക്കും. നെഹ്റു ട്രോഫി രീതിയിൽ ഹീറ്റ്സിൽ കുറഞ്ഞ സമയത്തിൽ എത്തുന്നവർ ഏ ബാച്ചിലും ബി ബാച്ചിലും ഫൈനലിൽ എത്തും. രണ്ടാം സ്ഥാനത്ത് എത്തുന്ന നാലു പള്ളിയോടങ്ങൾ സെമി ഫൈനലിൽ മത്സരിക്കും.

✪✪✪

ഇന്ത്യ–ബംഗ്ലാദേശ് രണ്ട് മത്സര ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം നാളെ. ചെന്നൈ ചെപ്പോക്ക് സ്റ്റേഡിയത്തിൽ രാവിലെ ഒമ്പതരയ്ക്ക് മത്സരം തുടങ്ങും. ഈ മാസം 27 ന് കാൺപൂരിലാണ് രണ്ടാം ടെസ്റ്റ്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് കലിക്കറ്റ് FC, ഫോഴ്സ കൊച്ചിയെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ EMS സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

പ്രഥമ കേരള ക്രിക്കറ്റ് ലീഗ് ഫൈനലിൽ ഇന്ന് കലിക്കറ്റ് ഗ്ലോബ് സ്റ്റാർസും, ഏരീസ് കൊല്ലം സെയ്ലേഴ്സും ഏറ്റുമുട്ടും. വൈകിട്ട് ആറരയ്ക്ക് തിരുവനതപുരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം. ജേതാക്കൾക്ക് KCL ബ്രാൻഡ് അംബാസിഡർ മോഹൻലാലും, മന്ത്രി V അബ്ദുറഹിമാനും ട്രോഫി സമ്മാനിയ്ക്കും.

✪✪✪

അന്താരാഷ്ട്ര ക്രിക്കറ്റ് കമ്മിറ്റി പുരുഷ – വനിതാ ICC ലോകകപ്പുകളിൽ ഒരേ സമ്മാനത്തുക നൽകാൻ തീരുമാനിച്ചു. ഒക്ടോബർ മൂന്നിന് UAE യിൽ ആരംഭിക്കുന്ന ഈ വർഷത്തെ വനിത ട്വന്റി - 20 ലോകകപ്പ് മുതൽ ഇത് നടപ്പാക്കും. വിജയിക്കുന്ന ടീമിന് 19 കോടി 60 ലക്ഷം രൂപയാണ് സമ്മാനത്തുക.

✪✪✪

ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോളിൽ ഗോവയിൽ ജംഷഡ്പൂർ FC, FCഗോവയെ ഒന്നിനെതിരെ രണ്ടു ഗോളിന്  തോൽപ്പിച്ചു.  ഇന്ന് കളിയില്ല. നാളെ ബംഗളൂരു FC, ഹൈദരാബാദ്  FC യെ നേരിടും.

✪✪✪

ഇന്ന് അന്താരാഷ്ട്ര തുല്യവേതനദിനം. തുല്യ ജോലിയ്ക്ക് ലിംഗ-ജാതി-വംശ-ദേശ വ്യത്യാസമില്ലാതെ  തുല്യ വേതനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസഭ  സെപ്തംബർ 18  തുല്യവേതനദിനം ആഘോഷിക്കുന്നത്. മനുഷ്യാവകാശങ്ങളോട് പ്രതിബദ്ധത പുലർത്തി, വിവേചനങ്ങൾ  എതിർക്കുന്ന  നിലപാടുകളുടെ ഭാഗമായാണ്  ദിനാചരണം.

✪✪✪

ആലപ്പുഴയിലെ കാൻസർ ബാധിത കുടുംബത്തിന്റെ വീട് കേരള ബാങ്ക് ജപ്തി ചെയ്തുവെന്ന വാർത്ത അടിസ്ഥാനരഹിതമാണെന്ന്, ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജോർട്ടി M ചാക്കോ അറിയിച്ചു. വായ്പയുടെ പലിശയോ, പിഴ പലിശയോ ഈടാക്കിയിട്ടില്ല.  ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ലക്ഷ്മിസുരേഷ് ഗോപിയുടെ അക്കൗണ്ടിൽ നിന്ന് ലഭിച്ച ഒരു ലക്ഷത്തി 70,000 രൂപ വരവുവെച്ച് വസ്തുവിന്റെ ഈട് പ്രമാണങ്ങൾ തിരികെ നൽകിയതായും ബാങ്ക് അറിയിച്ചു.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 120 രൂപ കുറഞ്ഞ് 54,800 രൂപയായി. ഗ്രാമിന് 6,850 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

തിരുവനന്തപുരം - കണ്ണൂർ ജനശതാബ്ദി എക്സ്പ്രസ്സിന്റെ കോച്ചുകൾ ഈ മാസം 29 മുതൽ കൂടുതൽ സുരക്ഷിതവും സുഖകരവുമായ LHB കോച്ചുകളാക്കി മാറ്റുമെന്ന് റെയിൽവേ അറിയിച്ചു. 29ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെടുന്ന സർവീസിലായിരിക്കും പുതിയ കോച്ചുകൾ ആദ്യം ഘടിപ്പിക്കുന്നത്.

✪✪✪

ഗുരുവായൂർ ക്ഷേത്രനടപ്പന്തലിൽ  വീഡിയോഗ്രാഫിക്ക്  ഹൈക്കോടതി നിയന്ത്രണം ഏർപ്പെടുത്തി. വിവാഹത്തിനും, മതപരമായ ചടങ്ങുകൾക്കുമല്ലാതെ ഈ  ഭാഗങ്ങളിൽ വീഡിയോഗ്രാഫി  നടത്തരുതെന്ന് ഹൈക്കോടതി ഉത്തരവിൽ പറയുന്നു. ക്ഷേത്ര നടപ്പന്തലിൽ  ചിത്രകാരി

ജസ്ന സലിം പിറന്നാൾ കേക്ക് മുറിച്ചതിനെതിരെ നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഉത്തരവ്.

✪✪✪